കേരള സർക്കാർ
ഭരണഭാഷ - മാതൃഭാഷ
**കോരുത്തോട് ഗ്രാമപഞ്ചായത്ത്**
കോരുത്തോട് പി.ഒ കോരുത്തോട്
686513, ഫോൺ നം: 04828-281100
koruthodugpktm@gmail.com
തീയതി : 11.05.2026

## അറിയിപ്പ്

മഴക്കാല പൂർവ്വ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി കോരുത്തോട് ഗ്രാമപഞ്ചായത്തിലെ സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് അപകടകരമായ നിലയിൽ നിൽക്കുന്ന മരങ്ങൾ കാലവർഷക്കെടുതിയിൽ മറിഞ്ഞുവീണ വ്യക്തികളുടെ ജീവനോ, സ്വത്തിനോ അപകടം സംഭവിക്കാതിരിക്കാൻ പ്രസ്തുത മരങ്ങളുടെ ഉടമസ്ഥർ മുൻകൂട്ടി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മുറിച്ചു മാറ്റുകയോ ശിഖരങ്ങൾ വെട്ടി മാറ്റുകയോ ചെയ്ത് അപകട സാധ്യത ഒഴിവാക്കേണ്ടതാണ്. പ്രസ്തുത മരങ്ങൾ മുറിച്ചു മാറ്റാത്ത പക്ഷം ഇതിന്മേൽ ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ദുരന്തനിവാരണ നിയമം 2005 സെക്ഷൻ (30)(2)(V) പ്രകാരം മരങ്ങളുടെ ഉടമസ്ഥൻ മാത്രമായിരിക്കും ഉത്തരവാദി എന്നും ഇതിനാൽ അറിയിക്കുന്നു. കൂടാതെ കാടു വെട്ടിത്തെളിക്കാതെയും പരിസരം വൃത്തിഹീനമായും തുടരുന്ന സ്ഥലങ്ങളുടെ ഉടമകൾ ടി സ്ഥലം വെട്ടിത്തെളിച്ച് ഇഴജന്തുക്കളുടെയും മറ്റ് മൃഗങ്ങളുടെയും ശല്യം ഉണ്ടാകുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 239 പ്രകാരവും അറിയിക്കുന്നു. കൂടാതെ പഞ്ചായത്ത് പരിധിയിൽ നായ്ക്കളെ വളർത്തുന്നവർ നായ്ക്കൾക്ക് വാക്സിനേഷനും പഞ്ചായത്തിൽ നിന്നും ലൈസൻസും എടുക്കാത്ത പക്ഷം കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

KORUTHODU GRAMA PANCHAYAT
KORUTHODU P.O.

രജനിമോൾ റ്റി. ഡി
സെക്രട്ടറി
കോരുത്തോട് ഗ്രാമപഞ്ചായത്ത്
കോരുത്തോട് പി.ഒ.
ഫോൺ : 04828 281100

(ഒപ്പ്)
സെക്രട്ടറി
കോരുത്തോട് ഗ്രാമപഞ്ചായത്ത്